പതിനഞ്ചാം കേരള നിയമസഭ
പന്ത്രണ്ടാം സമ്മേളനം

ബുള്ളറ്റിൻ ഭാഗം - II

2024 ഒക്ടോബർ 08

നമ്പർ : 566

**2024 ഒക്ടോബർ 09 – ന് മുഖ്യമന്ത്രി പിണറായി വിജയൻ ചട്ടം 118 അനുസരിച്ച് താഴെപ്പറയുന്ന പ്രമേയം അവതരിപ്പിക്കുന്നതാണ്**

'ഒരു രാജ്യം, ഒരു തെരഞ്ഞെടുപ്പ്' എന്ന പരിഷ്കരണ നടപടിയുമായി മുന്നോട്ടു നീങ്ങാൻ കേന്ദ്ര സർക്കാർ തീരുമാനിച്ചിരിക്കുകയും അതിനു മുന്നോടിയായി വേണ്ട ഭരണഘടനാ-നിയമ ഭേദഗതികൾ ശിപാർശ ചെയ്യാനായി ഒരു ഉന്നതതല സമിതിയെ നിയമിക്കുകയും ആ സമിതി തയ്യാറാക്കിയ റിപ്പോർട്ട് ഇപ്പോൾ പ്രസിദ്ധപ്പെടുത്തുകയും ചെയ്തിരിക്കുന്നതിനാലും;

ഇന്ത്യ സ്വാതന്ത്ര്യം നേടിയ ശേഷം ഒരു ബഹുകക്ഷി ജനാധിപത്യ വ്യവസ്ഥ രാജ്യത്ത് ശക്തിപ്പെട്ടു വരികയും അതിന്റെ ഫലമായി കേന്ദ്രത്തിലും സംസ്ഥാനങ്ങളിലും വിവിധ കക്ഷികൾ അധികാരത്തിൽ വരികയും ഒരേ സമയത്തു തന്നെ വ്യത്യസ്ത നിലപാടുകളുള്ള രാഷ്ട്രീയ കക്ഷികൾ കേന്ദ്രത്തിലും സംസ്ഥാനങ്ങളിലും അധികാരത്തിലിരിക്കുകയും ചെയ്തിട്ടുണ്ട്. രാജ്യത്തു നിലനിൽക്കുന്ന സാമൂഹിക-സാംസ്കാരിക-രാഷ്ട്രീയ വൈവിധ്യങ്ങളുടെ പ്രതിഫലനമായാണ് ലോകമാകെയുള്ള ജനാധിപത്യ വിശ്വാസികൾ അതിനെ കണ്ടിട്ടുള്ളത് എന്നതിനാലും;

എന്നാൽ, ആ വൈവിധ്യങ്ങളെയാകെ അപ്രസക്തമാക്കുമാറ്, എല്ലാ നിയമസഭാ-തദ്ദേശ സ്വയംഭരണ സ്ഥാപന തെരഞ്ഞെടുപ്പുകളും ലോക്സഭാ തെരഞ്ഞെടുപ്പിനൊപ്പം നടത്താൻ ഒരുങ്ങുകയും അതിന്റെ ഭാഗമായി ആദ്യ ഘട്ടത്തിൽ, അടുത്ത ലോക്സഭാ തെരഞ്ഞെടുപ്പ് നടക്കുന്ന സമയത്ത്, 5 വർഷം പൂർത്തിയാക്കാത്ത നിയമസഭകളുടെ കാലാവധി വെട്ടിച്ചുരുക്കാനുള്ള നിർദ്ദേശമാണ് ഉന്നതതല സമിതി മുമ്പോട്ടുവെച്ചിരിക്കുന്നത്. അടുത്ത ഘട്ടമെന്നോണം പാർലമെന്റിന്റെ കാലാവധിയോടും

പാർലമെന്റ് തെരഞ്ഞെടുപ്പിനോടും ചേർന്ന നിൽക്കുന്ന വിധത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ കാലാവധി കൂടി ഇത്തരത്തിൽ വെട്ടിച്ചുരുക്കാമെന്നും നിർദ്ദേശിക്കുകയും ചെയ്തിട്ടുള്ളതിനാലും;

ഈ നടപടി സംസ്ഥാന സർക്കാരുകളെയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെയും തെരഞ്ഞെടുത്ത ജനങ്ങളോടുള്ള അവഹേളനവും പൂർണ്ണ കാലാവധിയിലേക്ക് തങ്ങളുടെ സർക്കാരുകളെ തെരഞ്ഞെടുക്കാനുള്ള ജനങ്ങളുടെ ജനാധിപത്യപരമായ അവകാശങ്ങളുടെ നഗ്നമായ ലംഘനവും ജനാധിപത്യ സംവിധാനത്തിൽ ജനങ്ങൾക്കുള്ള പരമാധികാരത്തെ വെല്ലുവിളിക്കുന്നതും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്കുള്ള തെരഞ്ഞെടുപ്പുകൾ നടത്താൻ ഭരണഘടനാപരമായി ചുമതലയുള്ള സംസ്ഥാന സർക്കാരുകളുടെ അധികാരങ്ങൾക്കുമേലും, അതുവഴി ഇന്ത്യയുടെ ഫെഡറൽ ഘടനയ്ക്കു മേലും ഉള്ള കൈകടത്തൽ കൂടി ആയതിനാലും;

അവിശ്വാസ പ്രമേയത്തിലൂടെ ഒരു സർക്കാർ പുറത്താക്കപ്പെടുകയും ഏതെങ്കിലും സംസ്ഥാന നിയമസഭ പിരിച്ചുവിടപ്പെടുകയും ചെയ്യപ്പെട്ടാൽ, ഇടക്കാല തെരഞ്ഞെടുപ്പിലൂടെ നിലവിൽ വരുന്ന നിയമസഭയ്ക്ക് പുറത്താക്കപ്പെടുകയോ പിരിച്ചുവിടപ്പെടുകയോ ചെയ്ത പൂർവ്വ സർക്കാരിന്റെ ശിഷ്ടകാലാവധി മാത്രമേ ഉണ്ടാകാവൂ എന്ന ഉന്നതതല സമിതിയുടെ ശിപാർശ, ചെലവു ചുരുക്കാനാണ് തെരഞ്ഞെടുപ്പുകൾ ഒരേ സമയത്തു നടത്തുന്നത് എന്ന വാദഗതിക്ക് തീർത്തും കടകവിരുദ്ധമായതിനാലും;

പാർലമെൻറ്, നിയമസഭ, തദ്ദേശ സ്വയംഭരണ തെരഞ്ഞെടുപ്പുകളെ കേവലം ചെലവായി മാത്രം കാണുന്നത് ജനാധിപത്യവിരുദ്ധമാണ്. ആ ജനാധിപത്യവിരുദ്ധ ചിന്താഗതിയാണ് 'ഒരു രാജ്യം, ഒരു തെരഞ്ഞെടുപ്പ് ' എന്ന ആശയത്തിൽ നിഴലിച്ചു നിൽക്കുന്നത്. ഇന്ത്യയുടെ സാമൂഹിക-സാംസ്കാരിക-രാഷ്ട്രീയ വൈവിധ്യങ്ങളെ ഇല്ലായ്മ ചെയ്യാനുള്ള ഒരു കുത്സിത നീക്കമായി കൂടിയാണ് ഇത് വിലയിരുത്തപ്പെടുന്നത്. ചെലവ് ചുരുക്കാനും ഭരണം സുഗമമാക്കാനും മറ്റ് ലളിതമായ മാർഗ്ഗങ്ങൾ അവലംബിക്കാമെന്നിരിക്കെ, ഭരണഘടന അടിസ്ഥാന തത്വമായ ഫെഡറൽ സംവിധാനത്തെ തകർക്കുന്നതും

സംസ്ഥാനങ്ങളുടെ അവകാശങ്ങളെ ഹനിക്കുന്നതും ജനങ്ങളുടെ പരമാധികാരത്തെ വെല്ലുവിളിക്കുന്നതുമായ ജനാധിപത്യ വിരുദ്ധ പരിഷ്കരണ നടപടിയാണ് 'ഒരു രാജ്യം, ഒരു തെരഞ്ഞെടുപ്പ് ' എന്ന ആശയത്തിലൂടെ കേന്ദ്രസർക്കാർ മുന്നോട്ടു വയ്ക്കുന്നത് എന്നതിനാലും;

രാജ്യത്തെ തെരഞ്ഞെടുപ്പുകളാകെ ഒരേ സമയത്തു നടത്താനുള്ള ശിപാർശ ഭരണഘടനയുടെ അന്തഃസത്തയ്ക്കു നിരക്കാത്തതും ഭരണഘടനാ മൂല്യങ്ങൾക്കെതിരുമാണ്. അത് അടിസ്ഥാനപരമായി ജനാധിപത്യവിരുദ്ധവും ഇന്ത്യയുടെ ഭരണഘടനയിൽ വിഭാവനം ചെയ്യപ്പെട്ടിട്ടുള്ള പാർലമെന്ററി ജനാധിപത്യ സംവിധാനത്തിന്റെ കടയ്ക്കൽ കത്തിവയ്ക്കുന്നതുമാണ്. ജനാധിപത്യ വികേന്ദ്രീകരണം സാധ്യമാക്കുന്നതിനു പകരം അങ്ങേയറ്റത്തെ അധികാര കേന്ദ്രീകരണത്തിനു വഴിവയ്ക്കുന്നതാണിത്. രാജ്യത്ത് ഒരു കേന്ദ്രീകൃത യൂണിറ്ററി ഭരണസംവിധാനം യാഥാർത്ഥ്യമാക്കാനുള്ള ആർ.എസ്.എസ്-ബി.ജെ.പി അജണ്ട നടപ്പാക്കാനുള്ള ശ്രമമാണ് ഇതിലൂടെ വ്യക്തമാകുന്നത് എന്നതിനാലും;

'ഒരു രാജ്യം, ഒരു തെരഞ്ഞെടുപ്പ് ' എന്ന ആശയം നടപ്പാക്കുന്നത് രാജ്യത്തെ സംസ്ഥാന നിയമസഭകളുടെ അധികാര അവകാശങ്ങളെ ദുർബലപ്പെടുത്തുമെന്നും പ്രാദേശിക സർക്കാരുകളായി നിലകൊള്ളേണ്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ അപ്രസക്തമാക്കുമെന്നും, അങ്ങനെ, അധികാര വികേന്ദ്രീകരണത്തെ ശിഥിലമാക്കുമാറ് ജനാധിപത്യ സംവിധാനത്തിലെ ജനകീയ പങ്കാളിത്തത്തെ തന്നെ ഇല്ലാതാക്കുമെന്നും ഈ സഭ വിലയിരുത്തുന്നു.

ഇപ്പോൾ, അതിനാൽ, അടിസ്ഥാനപരമായി ജനാധിപത്യവിരുദ്ധമായ ഈ നീക്കത്തിൽ നിന്ന് അടിയന്തരമായി പിന്തിരിയണമെന്ന് കേന്ദ്ര സർക്കാരിനോട് കേരള നിയമസഭ ഐകകണ്ഠേന ആവശ്യപ്പെടുന്നു.

ഡോ. എൻ. കൃഷ്ണ കുമാർ,
സെക്രട്ടറി.